3

# ചൊവ്വാ

**മത്തായി 21:18-25:46; മർക്കൊസ് 11:20-13:37; ലൂക്കൊസ് 20; 21; യോഹന്നാൻ 12:20-50**

*''അനന്തരം അവനെ വാക്കിൽ കുടുക്കുവാൻ അവർ പരീശന്മാരിലും ഹെരോദ്യരിലും ചിലരെ അവന്റെ അടുക്കൽ അയച്ചു" (മർക്കൊസ് 12:13).*

ബൈബിളിൽ രേഖപ്പെടുത്തിയ ദിവസങ്ങളിൽ വെച്ചു, ചൊവ്വാഴ്ച്ച യേശുവിന്റെ ജീവിതത്തിൽ വളരെ തിരക്കുള്ള ദിവസം ആയിരുന്നു. അവൻ ദൈവാലയത്തെ ശുദ്ധീകരിച്ചപ്പോൾ, യെഹൂദ പ്രമാണിമാരുടെ പോക്കറ്റ് ബുക്ക് ഉടയ്ക്കുകയുണ്ടായി. ഇതു അവരുടെ ശ്രദ്ധ പിടിച്ചു പറ്റി. യെഹൂദ പ്രമാണിമാർ ആലയത്തെ "കള്ളന്മാരുടെ ഗുഹ" ആക്കി.

അവർ യേശുവിനോടു കോപിച്ചു ചോദിച്ചു, "നിനക്കു ഇതു ചെയ്യുവാൻ എന്തധികാരം?"; "നീ ആരാണ്?"; "നീ ആരാണെന്നാണ് നിന്റെ വിചാരം?" അവർ വിചാരിച്ചതു ആ ഗലീലക്കാരനെ അവർക്കു ഉടനെ നഗരത്തിനു പുറത്തു കളയാമെന്നാണ്. അവൻ അതിനു, "ദൈവം," എന്നു മറുപടി പറഞ്ഞാൽ, അതു ദൈവദൂഷണമായി അവർ അവനെ കുറ്റം ചുമത്തും. അവൻ അവരോടു, "മനുഷ്യൻ," എന്നു ഉത്തരം പറഞ്ഞാൽ, അപ്പോഴും കുറ്റക്കാരനാകും. കാരണം എങ്ങനെയായാലും, യേശു ആ സാഹചര്യത്തെ മാറ്റി അവരോടു ചോദിച്ചു, "യോഹന്നാനു അവന്റെ അധികാരം എവിടെ നിന്നു കിട്ടി?" യേശു അഗ്നിയെ അഗ്നി കൊണ്ടു നേരിട്ടു. അവർ അതിനു മറുപടി പറയുവാൻ തുനിഞ്ഞില്ല, അതുകൊണ്ടു യേശുവും മറുപടി പറഞ്ഞില്ല! (നോക്കുക മത്തായി 21:23–27; മർക്കൊസ് 11:27–33; ലൂക്കൊസ് 20:1–8.) യേശുവിനോടു അവന്റെ അധികാരപത്രം ചോദിച്ചുകൊണ്ടു യെഹൂദ പ്രമാണിമാർ അവനെ തരം താഴ്ത്തുവാനാണ് ശ്രമിച്ചത്: "നീ എവിടെയാണ് വിദ്യാഭ്യാസം ചെയ്തത്? നീ ഒരു പുരോഹിതൻ അല്ല, അഭിഷിക്തനായ ഗുരുവോ, അല്ലെങ്കിൽ യെരുശലേം സെമിനാരിയിലെ ബിരുദധാരിയുമല്ല." അവർ ഉടനെ അവനെ "ഒരു വലിയ സംവാദകൻ" ആയി കണ്ടു. അവൻ അവരുടെ മൗഢ്യതയെ പുറത്തു കൊണ്ടുവന്നു.

### ഉപമകളിലെ പാഠങ്ങൾ

ഈ സന്ദർഭത്തിൽ യേശു മൂന്നു ഉപമകൾ പഠിപ്പിച്ചു. എന്തുകൊണ്ട്

അവൻ ഉപമകളായി പഠിപ്പിച്ചു എന്നും അതിന്റെ അർത്ഥം എന്താണെന്നും അപ്പൊസ്തലന്മാർ അവനോടു ചോദിച്ചു (മത്തായി 13:10, 36). അവനെ വെറും ആകാംക്ഷയോടെ പിൻപറ്റുന്നവരെ ദൂരീകരിക്കുന്നതിനാണ് ഈ പരിശീലനം എന്നവൻ പറഞ്ഞു. ഉപമകൾ "കുട്ടികളുടെ കഥകൾ" അല്ല. അവ സൗമ്യതയോടെ നിങ്ങൾക്കുതന്നെ ബോധ്യമാകുന്നതാണ്.

മാനസാന്തരം എന്താണെന്നു ചിത്രീകരിക്കുവാൻ യേശു ആദ്യം രണ്ടു പുത്രന്മാരുടെ ഉപമ അവതരിപ്പിച്ചു (മത്തായി 21:28–32). ഒരു മകൻ ആദ്യം അപ്പനെ അനുസരിക്കുവാൻ കൂട്ടാക്കിയില്ല, പിന്നെ അനുതപിച്ചു അനുസരിച്ചു, എന്നാൽ മറ്റെ മകൻ അനുസരിക്കുമെന്നു അപ്പനോടു പറഞ്ഞു എങ്കിലും, പിന്നെ അനുസരിച്ചില്ല. "മതപ്രമാണിമാർ" ദൈവത്തിങ്കലേക്കു പ്രവേശിക്കാതിരിക്കുമ്പോൾ ചുങ്കക്കാരും (നികുതി പിരിക്കുന്നവർ) വ്യഭിചാരികളും ദൈവസന്നിധിയിൽ പ്രവേശിച്ചു. ചുങ്കക്കാരും വ്യഭിചാരിണികളും അല്ല യേശുവിനെ ക്രൂശിൽ തറെപ്പിച്ചത്. അതു ചെയ്തതു ദൈവജനമായിരുന്ന, യിസ്രായേൽ ആയിരുന്നു. യെരുശലേം ദൈവത്തിന്റെ നഗരം ആയിരുന്നു. യെരുശലേമിനുള്ളിൽ ദൈവാലയം ഉണ്ടായിരുന്നു, എന്നാൽ നഗരവാതിലിന്നു പുറത്തുവെച്ചു യേശുവിനെ ക്രൂശിക്കുവാൻ പോകുന്നു. മതപരമായ ആളുകൾക്കു എത്രത്തോളം ദുരാചാരവും, അന്ധവും, ദുരഭിമാനവുമാകാൻ കഴിയുമെന്നു കാണിക്കുന്നു.

അടുത്തതു, അവൻ എങ്ങനെ തള്ളപ്പെടും എന്നു ചിത്രീകരിക്കുന്ന ദുഷ്ടനായ വാടകക്കാർ, ഉടമസ്ഥന്റെ മകനെ കൊല്ലുന്ന ഉപമയാണ് പഠിപ്പിച്ചത് (മത്തായി 21:33–44; മർക്കൊസ് 12:1–12; ലൂക്കൊസ് 20:9–19). യിസ്രായേലിനെ രക്ഷിക്കുമായിരുന്ന പക്ഷെ മാറ്റിക്കളഞ്ഞതായ കല്ലിനെ കുറിച്ചവൻ സംസാരിച്ചു. യേശു സംസാരിച്ചതു അവനെയും തങ്ങളെയും കുറിച്ചാണെന്നു യെഹൂദ പ്രമാണിമാർ അറിഞ്ഞിരുന്നു.

ചിലർ എങ്ങനെ തന്റെ ക്ഷണത്തെ നിരസിക്കും എന്നു കാണിക്കുന്ന, വിവാഹ വിരുന്നിന്റെ ഉപമ അവൻ പറയുകയുണ്ടായി (മത്തായി 22:2–14; ലൂക്കൊസ് 14:16–24). ബന്ധുക്കളും സ്നേഹിതരും ക്ഷണം നിരസിക്കുക മാത്രമല്ല ചെയ്തതു, അവർ ആ അവസരം കുലപാതകത്തിനുള്ള ഗൂഢ ശ്രമം ആക്കി മാറ്റി. മകന്റെ വിവാഹം ക്ഷണിച്ച രാജാവിനു കോപം വന്നു പറഞ്ഞു, "ആകയാൽ വഴിത്തലെക്കൽ ചെന്നു കാണുന്നവരെ ഒക്കെയും കല്യാണത്തിനു വിളിപ്പിൻ എന്നു പറഞ്ഞു" (മത്തായി 22:9). യോഗ്യരായവർ വരാതിരുന്നപ്പോൾ, സാധാരണക്കാരെ ക്ഷണിച്ചു. അതുകൊണ്ട് സാധാരണക്കാർ സന്തോഷത്തോടെ യേശുവിനെ കേട്ടതിൽ അതിശയിക്കുവാനില്ല (മർക്കൊസ് 12:37).

### വാദം തുടങ്ങുന്നു

ഉടനെ യേശുവിനെ വാക്കിൽ കുടുക്കുവാനായി പരീശന്മാരും ഹെരോദ്യരും[1] ഒന്നിച്ചു വന്നു. ഹെരോദ്യർ രാജ്യദ്രോഹികളാണെന്ന വിശ്വാസത്താൽ പരീശന്മാർ അവരെ വെറുത്തിരുന്നു – എന്നാൽ

യേശുവിനെ അവർ അധികം വെറുത്തിരുന്നു. രണ്ടുകൂട്ടരും യേശുവിന്റെ അടുക്കൽ ഒരു അടവു ചോദ്യം ഉന്നയിച്ചു: "നികുതി കൊടുക്കുന്നതിനെ കുറിച്ചു എന്തു പറയുന്നു?" യേശു ഒരു നാണയം എടുത്തു പറഞ്ഞു, "കൈസർക്കുള്ളതു കൈസരിനും; ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്ക" (മത്തായി 22:21). ഇതു അവരെ സ്തബ്ധരാക്കി.

സദൂക്ക്യർ[2] അവന്റെ അടുക്കൽ വന്നതു നിസ്സാരമായ കാര്യങ്ങളുമായാണ്. യേശു അവരോടു നേരിട്ടു തന്നെ മറുപടി പറഞ്ഞു. അവൻ പറഞ്ഞു, "നിങ്ങൾക്കു തിരുവെഴുത്തുകളെ അറിഞ്ഞുകൂടാ" "ദൈവശക്തിയെയും അറിഞ്ഞുകൂടാ" (മത്തായി 22:29; മർക്കൊസ് 12:24).

പിടിവാശിയുള്ള പരീശന്മാർ പോയി ഒരു ന്യായശാസ്ത്രിയെയും കൊണ്ടുവന്നു ചോദിച്ചു, "ഏറ്റവും വലിയ കല്പന എന്താണ്?" യേശു മറുപടി പറഞ്ഞു, "ഒന്നാമത്തേതു ദൈവത്തെ സ്നേഹിക്കുന്നതും," അപ്പോൾ രണ്ടാമത്തെ വലിയ കല്പനയും അതിനോടുകൂട്ടി ചേർത്തു: "നിന്നെ പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക." അവന്റെ ഉത്തരം ന്യായശാസ്ത്രിയെ നിശബ്ദനാക്കി. (നോക്കുക മത്തായി 22:34-40; മർക്കൊസ് 12:28-34).

യഥാർത്ഥത്തിൽ മശിഹ ആരാണെന്നു യേശു അപ്പോൾ അവരോടു ചോദിച്ചു. അതിനു അവർ പ്രതികരിച്ചില്ല. അവിടെവച്ച്, വാദം അവസാനിച്ചു (നോക്കുക മത്തായി 22:41-46; മർക്കൊസ് 12:35-37; ലൂക്കൊസ് 20:41-44).

### ചൂണ്ടിക്കാണിച്ച ഒരു പ്രസംഗം

ഇതിനെല്ലാം ശേഷം, യേശു ഏറ്റവും ക്ഷതമേല്പിക്കുന്ന ഒരു പ്രസംഗം നടത്തിയതു തിരുവെഴുത്തിൽ കാണാം (മത്തായി 23). യെഹൂദ പ്രമാണിമാരെ അവൻ "പാമ്പുകൾ" എന്നും "കുരുടരെ വഴി കാട്ടുന്നവർ" എന്നും വിളിച്ചിട്ടുണ്ട്. "കപടഭക്തിക്കാർ" എന്നു പേരു കൊടുത്തുകൊണ്ട് ഏഴു കഷ്ടതകളെ കുറിച്ച് അവൻ പറയുന്നുണ്ട്. "നിങ്ങൾ നരകവിധി എങ്ങനെ ഒഴിഞ്ഞു പോകും?" എന്നു യേശു അവരോടു ചോദിച്ചു. പിന്നെ അവൻ ഉച്ചത്തിൽ, "യെരുശലേമേ, യെരുശലേമേ, ... ! നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്കു എത്ര വട്ടം മനസ്സായിരുന്നു, ... നിങ്ങൾക്കോ മനസ്സായില്ല" (മത്തായി 23:37; നോക്കുക ലൂക്കൊസ് 13:34).

### പ്രവചനവും പ്രസംഗവും

അവർ ദൈവാലയം വിട്ടുപോയപ്പോൾ, ദൈവാലയപതനത്തെക്കുറിച്ച് അവന്റെ ശിഷ്യന്മാർ അവനോടു മൂന്നു ചോദ്യങ്ങൾ ചോദിച്ചു: "ഇതെല്ലാം എപ്പോൾ സംഭവിക്കും?"; "നിന്റെ വരവിന്റെ അടയാളം എന്ത്?"; "എപ്പോഴാണ് ലോകാവസാനം?" യേശു ആ ചോദ്യങ്ങൾക്കു മറുപടി പറയുന്നതു മത്തായി 24, മർക്കൊസ് 13, ലൂക്കൊസ് 21 ലും

കാണാം. മറ്റൊരു വാക്കിൽ, അവൻ അപ്പോഴും ഉപദേശിച്ചു കൊണ്ടിരുന്നു എന്നർത്ഥം.

ഇവിടെ നാം “ഒരു വിധവ രണ്ടുകാശ്” തനിക്കുണ്ടായിരുന്നതൊക്കെയും ദൈവത്തിനു കൊടുത്തതിനെ വായിച്ചു (മർക്കൊസ് 12:41–44; ലൂക്കൊസ് 21:1–4). എല്ലാ കാപട്യത്തിന്റേയും മദ്ധ്യേ, ദൈവം ആ എളിയ വിധവയെ അയച്ചതു, വാസ്തവത്തിൽ ദൈവത്തിനു എങ്ങനെ കൊടുക്കണമെന്ന് എല്ലാ കാലത്തും എല്ലാവരേയും ഓർമ്മിപ്പിക്കാനാണ്! എന്തൊരു ദൈവം!

കുഴപ്പം വരുവാനിരിക്കുന്നു! പുരുഷാരവും, വിമർശകരും ഉണ്ടായിട്ടും, യേശു തന്റെ ശിഷ്യന്മാരെ മൂന്നു മുഖ്യ ഉപമകൾ കൂടി പഠിപ്പിച്ചു: തയ്യാറെടുപ്പിനു ഊന്നൽ കൊടുക്കുന്ന, പത്തു കന്യകമാരുടെ ഉപമ; ഉത്തരവാദിത്വത്തിന് ഊന്നൽ കൊടുക്കുന്ന താലന്തുകളുടെ ഉപമ; പിന്നെ ന്യായവിധിയെ ചിത്രീകരിക്കുന്ന, ചെമ്മരിയാടുകളുടേയും കോലാടുകളുടേയും ഉപമ (മത്തായി 25). അന്നു യേശു ചെയ്ത തുപോലെ ഒരു ദൈവദാസനും ഒരിക്കലും പ്രസംഗിച്ചിട്ടില്ല, എന്നാൽ അവന്റെ പ്രസംഗം അടഞ്ഞ കാതുകളിലാണ് വീണത്.

എന്തൊരു ദിവസം!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പുകൾ

[1]ഒരുപക്ഷെ യെഹൂദ മതാദ്ധ്യക്ഷന്മാരിൽ യേശുവിന്റെ കാലത്ത്, ഏറ്റവും സ്വാധീനമുണ്ടായിരുന്ന പരീശന്മാരെ സ്വയ – നീതിക്കാരും നിയമത്തെ മുറുകെ പിടിക്കുന്നവരും എന്ന് അറിയപ്പെട്ടിരുന്നു. ഹെരോദ്യർ രാഷ്ട്രീയരും പാലസ്തീനിലെ ഹെരോദ്യ കുടുംബത്തിലെ വർദ്ധിച്ചുവരുന്ന ശക്തിയുള്ളവരും ആയിരുന്നു. [2]സദൂക്യർ മറ്റൊരു ധനികരായ പുരോഹിതന്മാരിൽ പെട്ട കൂട്ടമായിരുന്നു. അവർ യേശുവിനെ വെറുക്കുവാൻ കാരണം അവൻ അവരുടെ അധികാരത്തെ ചോദ്യം ചെയ്തിരുന്നു.

© 2009 Truth for Today